

അവതരണ – രംഗകലകളിലൂടെ ആശയസംവേദനത്തിന്റെ ശക്തി സ്വരൂപിച്ചു സഭാ പ്രവർത്തനങ്ങൾക്കു പുതിയ ഭാവങ്ങൾ നല്കാമെന്നും കലാസാംസ്കാരിക മാധ്യമരംഗങ്ങളിലെ സഭയുടെ ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കണമെന്നും അഭിപ്രായപ്പെടുകയാണ് പെർഫോമിംഗ് ആർട്സിൽ മാസ്റ്റർ ബിരുദം നേടി ഇപ്പോൾ, എം. എസ്. റ്റി. സഭയുടെ കമ്മ്യൂണിക്കേഷൻ സെന്ററായ 'ഇംപാക്ടി'ന്റെ ഡയറക്ടർ ഫാ. ഡായ് കുന്നത്ത്.

**ആശയസംവേദനത്തിൻെറ നാട്യഭാഷ** »» 2 ഫ്രാങ്ക്ളിൻ എം.

“ഞാൻ ലോകത്തിന്റെ ദീപമാകുന്നു;
എന്നെ അനുഗമിക്കുന്നവൻ
അന്ധകാരത്തിൽ നടക്കുന്നില്ല.”

# സത്യദീപം™

പുസ്തകം 85

ലക്കം 41

2012
മേയ് 30 ബുധൻ

വില: 4.00 ക.

# മണ്ണിന്റെ അവകാശം കവർന്നെടുക്കുമ്പോൾ

ഡോ. മാത്യു കോശി പുന്നയ്ക്കാട്

ബാലാം കഴുതപ്പുറത്തു മോവാബ്യ പ്രഭുക്കന്മാരോടോപ്പം യാത്രയാകുന്ന ഭാഗം സംഖ്യപുസ്തകം 22-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നുണ്ട്. യഹോവയുടെ കോപം ജ്വലിച്ചു. യഹോവയുടെ ദൂതൻ വാൾ ഊരിപ്പിടിച്ചു വഴി മദ്ധ്യേ നില്ക്കുന്നത് കഴുത കണ്ടതിനാൽ കഴുത വയലിലേയ്ക്കു വഴി മാറിപ്പോകുകയാണ്. വഴി മാറിപ്പോകുന്ന കഴുതയെ ബാലാം അടിക്കുന്നു. കഴുതയ്ക്കു മുമ്പോട്ടു പോകുവാൻ വയ്യാതെ വന്നപ്പോൾ കഴുത കിടന്നു. അടി സഹിക്കാതെ വന്നപ്പോൾ കഴുത വാ പൊളിച്ചു സംസാരിക്കുവാനാരംഭിച്ചു. കഴുത പറഞ്ഞപ്പോഴാണ് യഹോവയുടെ ദൂതൻ വാൾ ഊരിപ്പിടിച്ചു നില്ക്കുന്നത് കണ്ടത്. ദൈവത്തിന്റെ ദൂതന്റെ വാക്കുകൾ ശ്രദ്ധിക്കുക. നിന്റെ വഴി നാശകരം ആകുന്നു. എന്നെ കണ്ടു കഴുത വഴി മാറിപ്പോയില്ലായിരുന്നുവെങ്കിൽ ഞാൻ നിന്നെ കൊന്നുകളയുമായിരുന്നു. രണ്ടു കാര്യങ്ങളാണ് ഈ വേദഭാഗം നമ്മുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരേണ്ടത്. സംസാരിക്കാത്ത കഴുത സംസാരിക്കുവാൻ നിർബന്ധിതമായത് നിവർത്തികേടിന്റെ ഫലമാണ്. പ്രകൃതിയിൽ നടക്കുന്ന ഓരോ സംഭവങ്ങളിൽ കൂടിയും ദൈവം നമ്മോട് സംസാരിക്കുകയാണ്. നാം അത് അവഗണിക്കുമ്പോൾ പ്രകൃതി ക്ഷോഭത്തിലൂടെ ജനം മരിക്കുവാനിടയാകുന്നു. കഴുതയിൽ കൂടിയോ മറ്റ് മൃഗങ്ങളിൽ കൂടിയോ മറ്റ് സംഭവങ്ങളിൽ കൂടിയോ ദൈവിക മുന്നറിയിപ്പുകളെ നാം അവഗണിക്കുമ്പോൾ നാം അപകടത്തിലേയ്ക്ക് ചാടുകയാണ്. അത് വിവേചിച്ചറിയുന്ന മനുഷ്യൻ ഭാഗ്യവാൻ. താമസിച്ചുവെങ്കിലും ബാലാം വിവേചിച്ചറിഞ്ഞു. രണ്ടാമത്തെ കാര്യം നമ്മുടെ വഴി നാശകരമാണെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. ആ തിരിച്ചറിവ് നമുക്കുണ്ടായില്ലെങ്കിൽ നാം അപകടത്തിലേയ്ക്ക് ചാടുവാൻ ഇടയാകും.

ഈ നൂറ്റാണ്ടിൽ താപവർദ്ധനനിമിത്തം സമുദ്രനിരപ്പ് ഒരു മീറ്ററെങ്കിലും ഉയരുവാൻ സാദ്ധ്യതയുണ്ട് എന്നതാണ് ഒരു പ്രവചനം. സമുദ്രനിരപ്പ് ഉയരുമ്പോൾ പല സ്ഥലങ്ങളും രാജ്യങ്ങളും വെള്ളത്തിനടിയിലായിപ്പോകും. ഉപ്പുവെള്ളം കൂടുതൽ കരയിലേക്ക് പ്രവേശിക്കുന്നതോടെ ശുദ്ധജലപ്രതിസന്ധിയുണ്ടാകും. ആഗോളതലത്തിൽ ശുദ്ധജല നിരപ്പ് താണുകൊണ്ടിരിക്കുന്നതിനാൽ ഇതു ഗുരുതരമായ അവസ്ഥാവിശേഷത്തിലേ

»» 5



**ഈ മണ്ണിലേയ്ക്ക് നാം രാസവളങ്ങളും കീടനാശിനികളും കളനാശിനികളുമിടുമ്പോൾ മണ്ണിലുള്ള അനേകലക്ഷം സൂക്ഷ്മജീവികളെ കശാപ്പ് ചെയ്യുകയാണെന്നു നാം മനസ്സിലാക്കണം. മണ്ണിനു ജീവന്റെ ഗർഭാശയമായിരിക്കുവാനുള്ള അവകാശത്തിന്മേലുള്ള കൈകടത്തലാണ് നടക്കുന്നത്. ഭൂമിയിലെ സൂക്ഷ്മജീവികൾ വിഷമടിച്ചു കൊല്ലപ്പെടുന്നതോടൊപ്പം ഈ വിഷം സസ്യലതാദികളിലൂടെ മനുഷ്യനിലേയ്ക്ക് പകരുകയാണ്. അനവധി വർഷങ്ങൾ നശിക്കാതെ കിടക്കുവാൻ കഴിവുള്ള ഓർഗാനോ ക്ലോറിൻ വിഭാഗത്തിൽപെടുന്ന രാസവസ്തുക്കൾ അത് നശിക്കുന്നിടത്തോളം കാലം വിഷം വമിച്ചുകൊണ്ടേയിരിക്കും. മനുഷ്യനിൽ ഇത് മാരകമായ രോഗങ്ങൾക്കിടയാക്കുകയും ചെയ്യും. മണ്ണിന്റെ അവകാശത്തിന്മേലുള്ള ഈ കൈകടത്തൽ അങ്ങനെ ജീവനെ സാരമായി ബാധിക്കുന്നു.**



## കാലാവസ്ഥ, വ്യതിയാനം, നീതി: ചില ബിബ്ലിക്കൽ വിചിന്തനങ്ങൾ

റവ. ഡോ. ജോൺ സാമുവൽ

നമ്മുടെ കാലാവസ്ഥയ്ക്കു വലിയ മാറ്റം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. താപനില കൂടുന്നു, മഞ്ഞുരുകുന്നു, സമുദ്രനിരപ്പ് ഉയരുന്നു. അന്തരീക്ഷത്തെയും മഴയെയും കാറ്റിനെയും എല്ലാം അതു ബാധിക്കുന്നു. മനുഷ്യരുണ്ടാക്കുന്ന കാർബൺ മലിനീകരണമാണ് ഇതിനു പ്രധാനമായും കാരണമാകുന്നത്. ആഗോളതാപനവും അത് അന്തരീക്ഷത്തിലുണ്ടാക്കുന്ന സുസ്ഥിര വ്യതിയാനങ്ങളും ഇപ്പോൾ അനുഭവവേദ്യമാകാൻ തുടങ്ങിക്കഴിഞ്ഞു. ഈ പ്രവണതകൾ ഇതേ വേഗതയിൽ മാറ്റമൊന്നുമില്ലാതെ തുടരുകയാണെങ്കിൽ താമസിയാതെ ഒരു ആഗോള ദുരന്തം നാം നേരിടേണ്ടതായി വരും. ആഗോള താപനത്തിനു സമ്പന്നരാഷ്ട്രങ്ങളാണു പ്രധാന ഉത്തരവാദികൾ. ജി 8 രാഷ്ട്രങ്ങളായ എട്ടു വികസിത രാഷ്ട്രങ്ങളാണ് ആഗോള താപനത്തിന്റെ 45 ശതമാനത്തിനും കാരണമാകുന്നത്. വികസ്വരരാജ്യങ്ങൾ 0.4 ശതമാനം പങ്കു മാത്രമാണ്...

»» 6

1–ാം പേജ് തുടർച്ച

# മണ്ണിന്റെ അവകാശം കവർന്നെടുക്കുമ്പോൾ



യ്ക്കാണ് നയിക്കുക. മഞ്ഞുമലകൾ ഉരുകിത്തുടങ്ങുന്നതോടെ നദികളുടെയും ഭൂഗർഭ ജലപ്രവാഹത്തിന്റെയും ഗതിയും മാറുവാൻ സാദ്ധ്യതയുണ്ട്. ഭൂമിയുടെ ചൂടു വർദ്ധിക്കുന്നത് കൃഷിയെ ബാധിക്കുന്നതിനാൽ അതു ഭക്ഷ്യദൗർലഭ്യത്തിനിടയാക്കും. താപനില വർദ്ധിക്കുമ്പോൾ കൊടുങ്കാറ്റ് ഉണ്ടാകുവാനുള്ള സാദ്ധ്യതയും ശാസ്ത്രപഠനങ്ങളിൽ വ്യക്തമാക്കുന്നുണ്ട്. രോഗങ്ങളും, പട്ടിണിയും വർദ്ധിക്കും. താമസിക്കുവാൻ ഇടവുമില്ലാതെ പാരിസ്ഥിതിക അഭയാർത്ഥികൾ (Environmental refugees) ഉണ്ടാവും. പരിസ്ഥിതി അഭയാർത്ഥികൾ എന്നത് അടുത്ത കാലത്തുണ്ടായ പുതിയ പ്രയോഗമാണ്. ദൈവിക മുന്നറിയിപ്പുകളെ തിരിച്ചറിയുവാൻ സഭകൾക്കും വ്യക്തികൾക്കും സാധിക്കുന്നുണ്ടോയെന്നുള്ളതാണ് പ്രധാന വിഷയം. രണ്ടാമത്, നമ്മുടെ വഴി നാശകരമാണെന്ന് ദൈവം നമ്മോടു ചില മുന്നറിയിപ്പുകളിലൂടെ അറിയിച്ചു കൊണ്ടിരിക്കുകയാണ്.

മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണെന്നൊരു ഉൾക്കാഴ്ചയിലൂടെ മാത്രമെ ഈ പ്രതിസന്ധിയിൽ നിന്നും കരകയറുവാൻ സാധിക്കുകയുള്ളൂ. മനുഷ്യൻ പ്രകൃതിയുടെ കാര്യസ്ഥനാണെന്ന ആശയം വികസിപ്പിച്ചെടുക്കുവാൻ ചില ദൈവശാസ്ത്രജ്ഞന്മാർ ശ്രമിക്കുന്നുണ്ട്. അതിനെ പല പരിസ്ഥിതി ദൈവശാസ്ത്രജ്ഞന്മാരും ചോദ്യം ചെയ്യുന്നുമുണ്ട്. പ്രകൃതിയുടെ ഭാഗമായ മനുഷ്യനെങ്ങനെയാണ് പ്രകൃതിയുടെ കാര്യസ്ഥനാകുന്നത്. പ്രകൃതിയിലുള്ള എല്ലാം അന്യോന്യ കാവല്ക്കാരാണ്. (Mutual Custodian) മനുഷ്യന്റെ രക്ഷ മാത്രമല്ല മനുഷ്യന്റെയും പ്രകൃതിയുടെയും വീണ്ടെടുപ്പിനെക്കുറിച്ചും വേദപുസ്തകം പഠിപ്പിക്കുന്നുണ്ട് (Total redemption of the universe). റോമ 8–ാം അദ്ധ്യായം 18–21 വരെയുള്ള വാക്യങ്ങളിൽ സൃഷ്ടിയുടെ വീണ്ടെടുപ്പിനെക്കുറിച്ചാണ് വേദപുസ്തകം പറയുന്നത്. പ്രകൃതിയുടെ വീണ്ടെടുപ്പെന്നു പറയുമ്പോൾ മനുഷ്യന്റെ വീണ്ടെടുപ്പും അതിലുൾപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ജീവൻ, രക്ഷ, അവകാശങ്ങൾ തുടങ്ങിയവ പ്രകൃതിയിലുള്ള എല്ലാത്തിനും അവകാശപ്പെട്ടതാണ്. മനുഷ്യാവകാശങ്ങളെപ്പോലെ തന്നെ പ്രകൃതിയിലുള്ള സകല ജീവജാലങ്ങൾക്കും വസ്തുക്കൾക്കും അവകാശങ്ങളുമുണ്ട് എന്നു നാം തിരിച്ചറിയണം. ഈ തിരിച്ചറിയൽ അജപരിപാലനശുശ്രൂഷയിലും സുവിശേഷ വേലയിലും ഉണ്ടായിരിക്കണം. എങ്കിൽ മാത്രമേ നാശകരമായ നമ്മുടെ പോക്കിൽ നിന്നും കരകയറുവാൻ സാധിക്കൂ.

**1 ) അചേതന വസ്തുക്കളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടാതിരിക്കുമ്പോൾ നമ്മുടെ വഴി നാശത്തിലേയ്ക്കാണെന്ന് തിരിച്ചറിയണം.**

മണ്ണും ജലവും വായുവും അചേതനവസ്തുക്കളാണെന്ന് സാധാരണ പറയാറുണ്ടെങ്കിലും, ജീവൻ നിലനിർത്തുന്നത് ഇവയാണ്. മനുഷ്യാവകാശങ്ങളെപ്പോലെത്തന്നെ മണ്ണിനും ജലത്തിനും വായുവിനും അവകാശങ്ങളുണ്ട്. അവ നിഷേധിക്കുമ്പോൾ അവ മനുഷ്യന്റെ ജീവനെത്തന്നെ ചോദ്യം ചെയ്യും. മണ്ണിന്റെ അവകാശങ്ങളെക്കുറിച്ചു തന്നെയെടുക്കാം. മണ്ണ് ജീവന്റെ ഉറവിടമാണ്, ജീവന്റെ ഭാഗമാണ്.

മണ്ണിൽ നിന്നാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. നാം മണ്ണുമായി ബന്ധപ്പെട്ടിരിക്കുന്നു. ഭക്ഷ്യധാന്യങ്ങളും മറ്റ് സസ്യങ്ങളും മണ്ണിലാണ് മുളയ്ക്കുന്നത്. മണ്ണു ജീവന്റെ ഗർഭാശയമാണ്. മണ്ണിനെ നാം ബഹുമാനിക്കണം, ആദരിക്കണം. ഇത് മണ്ണിന്റെ അവകാശമാണ്. യോഹന്നാന്റെ സുവിശേഷം 9–ാം അദ്ധ്യായത്തിൽ പിറവിയിലെ കുരുടനായൊരു മനുഷ്യനെക്കുറിച്ചു നാം വായിക്കുന്നു. കുരുടന് കാഴ്ച കൊടുക്കുവാൻ യേശു തമ്പുരാൻ ഉപയോഗിക്കുന്നത് മണ്ണാണ്. മണ്ണ് ജീവൻ നല്കുന്നതാണ്. കാഴ്ച നല്കുന്നതാണ്. മണ്ണിനോടുള്ള നമ്മുടെ സമീപനമെന്താണ്.

ഈ മണ്ണിലേയ്ക്ക് നാം രാസവളങ്ങളും കീടനാശിനികളും കളനാശിനികളുമിടുമ്പോൾ മണ്ണിലുള്ള അനേകലക്ഷം സൂക്ഷ്മജീവികളെ കശാപ്പ് ചെയ്യുകയാണെന്നു നാം മനസ്സിലാക്കണം. മണ്ണിനു ജീവന്റെ ഗർഭാശയമായിരിക്കുവാനുള്ള അവകാശത്തിന്മേലുള്ള കൈകടത്തലാണ് നടക്കുന്നത്. ഭൂമിയിലെ സൂക്ഷ്മജീവി



കൾ വിഷമടിച്ചു കൊല്ലപ്പെടുന്നതോടൊപ്പം ഈ വിഷം സസ്യലതാദികളിലൂടെ മനുഷ്യനിലേയ്ക്ക് പകരുകയാണ്. അനവധി വർഷങ്ങൾ നശിക്കാതെ കിടക്കുവാൻ കഴിവുള്ള ഓർഗാനോക്ലോറിൻ വിഭാഗത്തിൽപെടുന്ന രാസവസ്തുക്കൾ അത് നശിക്കുന്നിടത്തോളം കാലം വിഷം വമിച്ചുകൊണ്ടേയിരിക്കും. മനുഷ്യനിൽ ഇത് മാരകമായ രോഗങ്ങൾക്കിടയാക്കുകയും ചെയ്യും. മണ്ണിന്റെ അവകാശത്തിന്മേലു ള്ള ഈ കൈകടത്തൽ അങ്ങനെ ജീവനെ സാരമായി ബാധിക്കുന്നു. നമ്മുടെ വഴി നാശകരമെന്ന് നാം മനസ്സിലാക്കണം. തിരിച്ചറിവ് ഉണ്ടാകാതെ വരുന്നതിന്റെ ഫലമാണ് എൻഡോസൾഫാൻ പോലുള്ള ദുരന്തങ്ങൾ.

ജലം ജീവൻ നിലനിർത്തുവാൻ അനിവാര്യമാണ്. ജലമില്ലെങ്കിൽ ജീവനില്ല. 2 രാജാക്കന്മാർ 5–ാം അദ്ധ്യായത്തിൽ ഏലിശാ നാമാനോടു പറയുന്നത് യോർദ്ദാനിൽ പോയി ഏഴു പ്രാവശ്യം മുങ്ങുവാനാണ്. ജലം ഉപയോഗിച്ചു രോഗം സൗഖ്യമാക്കുന്നു. ജലം ജീവന്റെ ഭാഗമാണെന്ന് മാത്രമല്ല രോഗശുശ്രൂഷയിലും അതിനുള്ള പങ്കാണ് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നത്. ജപ്പാനിലും ഇസ്രായേലിലും ജലം വളരെ സൂക്ഷ്മതയോടെയാണ് ഉപയോഗിക്കുന്നത്. ജലം ആവശ്യമുള്ള സ്ഥലങ്ങളിൽ കനാൽ വഴി കൊണ്ടുപോകുന്നതിനു പകരം, കുഴലുകൾ വഴിയാണ് കൊണ്ടുപോകുന്നത്. വെള്ളം നഷ്ടപ്പെടാതെയും മലിനീകരിക്കാതെയും കൈമാറ്റം ചെയ്യാൻ അവർ പ്രത്യേകം ശ്രദ്ധിക്കുന്നു. ദൈവവും മനുഷ്യനും സൂക്ഷ്മജീവികളും ഒരുമിക്കുന്നിടത്തേ നല്ല കൃഷി നടക്കുകയുള്ളൂ.

> **ദൈവം തന്റെ കൃഷിക്ക് യാതൊരു വളമോ കീടനാശിനിയോ ഉപയോഗിക്കാറില്ല. കാട്ടിലെ തടി നാട്ടിലെ തടിയെക്കാൾ ശക്തിയുള്ളതാണ്. രോഗമില്ലാത്ത ആരോഗ്യമുള്ള ഒരാവാസ വ്യവസ്ഥ. കാട്ടിൽ ദൈവം പിന്തുടരുന്നത് ബഹുവിള കൃഷി സമ്പ്രദായം നിമിത്തമാണ്. മാത്രമല്ല സൂര്യപ്രകാശം മണ്ണിൽ വീഴാതെ സൂര്യന്റെ ഊർജ്ജത്തെ മറ്റ് രാസ ഊർജ്ജ മാക്കി മാറ്റുകയാണ്. മറ്റൊരു വീക്ഷണത്തിൽ പ്രകൃതിയിൽനിന്ന് മനസ്സിലാക്കുന്നത് അയൽക്കാർ ദൈവം നൽകുന്നതാണ്.**

**2 ) സകല ജീവജാലങ്ങളുടെയും അവകാശങ്ങൾ സംരക്ഷിക്കപ്പെടാതിരിക്കുമ്പോൾ നമ്മുടെ വഴി നാശകരമാണെന്ന് മനസ്സിലാക്കണം.**

അവകാശം സംരക്ഷിക്കപ്പെടണം. മനുഷ്യാവകാശങ്ങൾപോലെതന്നെ മൃഗങ്ങൾക്കും സസ്യങ്ങൾക്കും അവകാശങ്ങളുണ്ട്. ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതും ഇതിന്റെ ഭാഗമാണ്. ലോകത്തിലെ ആദ്യത്തെ പരിസ്ഥിതി സംരക്ഷകനായി അറിയപ്പെടുന്നത് നോഹയാണ്. ഉല്പത്തി 6:19–ൽ, എല്ലാ ജീവജാലങ്ങളിൽ നിന്നും ഈരണ്ടീരണ്ടിനെ പെട്ടകത്തിൽ കയറ്റി സംരക്ഷിച്ചതിലൂടെ ജൈവവൈവിദ്ധ്യം സംരക്ഷിക്കപ്പെടുകയായിരുന്നു. സൃഷ്ടിയെല്ലാം കഴിഞ്ഞതിനുശേഷം, ദൈവം എല്ലാം നല്ലതെന്നു കണ്ടുവെന്നാണ് നാം വേദപുസ്തകത്തിൽ വായിക്കുന്നത്. അപ്പ. പ്രവ. 10–ാം അദ്ധ്യായം 9–16 വരെയുള്ള വാക്യങ്ങളിൽ പത്രോസിനുണ്ടായ ദർശനത്തെക്കുറിച്ചു നാം വായിക്കുന്നു. ദൈവം അശുദ്ധവും മലിനവുമായ യാതൊന്നും സൃഷ്ടിച്ചിട്ടില്ല. സൃഷ്ടിയിലുള്ളതെല്ലാം ജൈവശൃംഖലയുടെ ഭാഗമാണ്. ഏതെങ്കിലും ജീവിയുടെ വംശനാശം ജൈവശൃംഖലയുടെ കണ്ണിയെയാണ് മുറിക്കുന്നത്. ഇത് സമൃദ്ധിയായ ജീവന് തടസ്സമായി മാറും. ഉല്പത്തി പുസ്തകം 9–ാം അദ്ധ്യായം 9–10 വാക്യങ്ങളിൽ ദൈവം മനുഷ്യനുമായി ഒരു ഉടമ്പടിയിലേർപ്പെടുകയാണ്: ഇതാ നിങ്ങളോടും നിങ്ങളുടെ സന്തതികളോടും ഭൂമിയിൽ നിങ്ങളോടും കൂടെ ഉള്ള പക്ഷികളും കന്നുകാലികളുമായ സകല ജീവജന്തുക്കളോടും പെട്ടകത്തിൽ നിന്നു പുറപ്പെട്ട സകലവുമായി അനന്തരതലമുറയുടെയും എല്ലാ ജീവജാലങ്ങളുടെയും അവകാശങ്ങളുടെ അടിസ്ഥാനം ഈ നിയമമാണ്. സ്രഷ്ടാവിന്റെ മുമ്പിൽ നാമും, നമ്മുടെ അനന്തര തലമുറകളും, ഭൂമിയിലെ സകല ജീവജാലങ്ങളും, ഈ ഉടമ്പടി മൂലം തുല്യപങ്കാളികളായിത്തീർന്നിരിക്കുകയാണ്. പ്രകൃതിയെ മുറിപ്പെടുത്തുന്നവർ ദൈവത്തെയാണ് മുറിപ്പെടുത്തുന്നത്.

**3 ) ഉപഭോഗസംസ്കാരം പ്രോത്സാഹിപ്പിക്കുമ്പോൾ നാം നാശത്തിന്റെ വഴിയിലാണ് തെരഞ്ഞെടുക്കുന്നത്–**

പുറപ്പാടുപുസ്തകം 16:16–20 വരെയുള്ള വാക്യങ്ങൾ ഇസ്രായേൽ മക്കൾ മന്ന ശേഖരിച്ചത് വിശദീകരിക്കുന്നു. എല്ലാവരും ആവശ്യത്തിനു ശേഖരിച്ചു. ദൈവം എല്ലാ ദിവസവും മന്നാ നല്കുമെന്ന് വാഗ്ദാനം ചെയ്തിരുന്നു. പക്ഷേ ചിലർ അടുത്ത ദിവസങ്ങളിലേയ്ക്ക് വേണ്ട മന്നയും ശേഖരിച്ചു. നാളത്തേയ്ക്ക് കരുതിയവരുടെ മന്ന നശിച്ചു പോയി. ദൈവത്തിന്റെ വാഗ്ദാനത്തിന്മേൽ സംശയിക്കുന്ന ഇസ്രായേൽ ജനതയെയാണ് നാം കാണുന്നത്. ദൈവം വാക്ക് പാലിക്കാതിരുന്നാലോ എന്നവർ സംശയിക്കുന്നു. നാളത്തേയ്ക്കും മറ്റെന്നാളത്തേയ്ക്കും അനന്തരവർഷങ്ങളിലേയ്ക്കുമുള്ളത് തടുത്തു കൂട്ടുന്ന ഒരു ജനതയെയാണ് നാം ഇന്നു കാണുന്നത്. ഇന്നത്തെ സകല പാരിസ്ഥിതിക പ്രശ്നങ്ങളുടെയും അടിസ്ഥാനമാണിത്. ഈ ഉപഭോഗസംസ്കാരം വർദ്ധിക്കുന്നതിനാൽ ഭൂമിയിലുള്ള വിഭവങ്ങൾ അമിതമായി ചൂഷണം ചെയ്യപ്പെടുകയാണ്. ലാഭം മാത്രം മുമ്പിൽ കണ്ടുകൊണ്ട് പ്രകൃതിയെ കരുതാതെ ചൂഷണം വർദ്ധിപ്പിക്കുമ്പോൾ നമ്മുടെ വഴി നാശത്തിന്റേതാണെന്ന് നാം തിരിച്ചറിയണം.

**4 ) ചുറ്റുപാടുമുള്ളവയെല്ലാം നല്ല അയൽക്കാരാണെന്ന് കരുതാതിരിക്കുമ്പോൾ നാം നാശത്തിലേയ്ക്കുള്ള വഴി സ്വയം തിരഞ്ഞെടുക്കുകയാണ്.**

ദൈവത്തിന്റെ കൃഷി കാണണമെങ്കിൽ വനത്തിൽ പോകണം വനത്തിൽ തേക്ക് തടിയുടെ അയൽവക്കത്ത് പ്ലാവായിരിക്കാം. ചിലപ്പോൾ മഹാഗണിയാണ്. കാട്ടിൽ വ്യത്യസ്ത വിഭാഗത്തിൽ പെട്ട മരങ്ങൾ കൂട്ടത്തോടെ വളരുന്നു. തേക്കിനോട് തന്റെ അയൽക്കാരനാരാണെന്ന് ചോദിച്ചാൽ തേക്ക് പറയും മഹാഗണിയാണെന്ന്. തന്റെ അയൽക്കാരെ തീരുമാനിക്കുന്നത് ദൈവമാണ്. ദൈവം തന്റെ കൃഷിക്ക് യാതൊരു വളമോ കീടനാശിനിയോ ഉപയോഗിക്കാറില്ല. കാട്ടിലെ തടി നാട്ടിലെ തടിയെക്കാൾ ശക്തിയുള്ളതാണ്. രോഗമില്ലാത്ത ആരോഗ്യമുള്ള ഒരാവാസ വ്യവസ്ഥ. കാട്ടിൽ ദൈവം പിന്തുടരുന്നത് ബഹുവിള കൃഷി സമ്പ്രദായം നിമിത്തമാണ്. മാത്രമല്ല സൂര്യപ്രകാശം മണ്ണിൽ വീഴാതെ സൂര്യന്റെ ഊർജ്ജത്തെ മറ്റ് രാസ ഊർജ്ജമാക്കി മാറ്റുകയാണ്. മറ്റൊരു വീക്ഷണത്തിൽ പ്രകൃതിയിൽ നിന്ന് മനസ്സിലാക്കുന്നത് അയൽക്കാർ ദൈവം നൽകുന്നതാണ്. പ്രകൃതിയിലുള്ള എല്ലാ ജീവജാലങ്ങളും, ജീവൻ നിലനിർത്തുവാൻ സഹായിക്കുന്ന മണ്ണും ജലവും വായുവും നമ്മുടെ നല്ല അയൽക്കാരാണ്.

**5 ) മാലിന്യങ്ങൾ സൃഷ്ടിക്കുന്നത് നാശത്തിന്റെ വഴിയാണ്.**

ഇന്നു ലോകം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം മാലിന്യങ്ങൾ എങ്ങനെ സംസ്കരിക്കണമെന്നറിയില്ലായെന്നതാണ്. ഇത് ഗുരുതരമായ പ്രശ്നമായി മാറിയിരിക്കുന്നു. മാലിന്യങ്ങൾ ഉളവാക്കാത്ത ടെക്നോളജിയെക്കുറിച്ചാണ് ഇന്നു ചർച്ച ചെയ്യപ്പെടുന്നത്. സീറോ വെയ്സ്റ്റ് എന്ന കാഴ്ചപ്പാടിന് പ്രാധാന്യം ലഭിച്ചു കൊണ്ടിരിക്കുന്നു. മാലിന്യങ്ങളെ വിഭവങ്ങളായി കണ്ട് ഉപയോഗപ്രദമായ വസ്തുക്കളായി മാറ്റുന്നതിനെക്കുറിച്ചും ഗൗരവമേറിയ പഠനങ്ങൾ നടന്നു വരികയാണ്. വിശുദ്ധ മത്തായിയുടെ സുവിശേഷം 14:13–21, 15:32–39 വരെയുള്ള വാക്യങ്ങളിൽ രണ്ടു സംഭവങ്ങളിലൂടെ അഞ്ചു അപ്പവും രണ്ടു മീനുമുപയോഗിച്ച് 5000 പേരെ തൃപ്തരാക്കിയതും ഏഴ് അപ്പവും കുറെ മീനുമുപയോഗിച്ച് 7000 പേരെ തൃപ്തരാക്കിയതും നാം വായിക്കുന്നുണ്ട്. ഈ രണ്ട് സംഭവങ്ങളിലും അധികം വന്നത് പെറുക്കിയെടുത്തതായിട്ടാണ് നാം വായിക്കുന്നത്. അധികം വന്നത് മാലിന്യമായി മാറാതെ ഉപയോഗപ്പെടുത്തിയതായിട്ടാണ് നാം വായിക്കുന്നത്. മാലിന്യങ്ങളുണ്ടാകാതിരിക്കുവാൻ യേശുവിന്റെ കാലത്തെ ശ്രദ്ധിച്ചിരുന്നുവെന്ന് നാം മനസ്സിലാക്കണം.

ദൈവം മനോഹരമെന്ന് കണ്ട് സൃഷ്ടിച്ച ഈ ലോകത്തെ മലിനപ്പെടുത്തുന്ന ഏതു നടപടികളും നാശകരമായ വഴിയിലേയ്ക്കാണ് നമ്മെ നയിക്കുന്നതെന്ന ഉൾബോധം നമുക്ക് നൽകണം. എങ്കിൽ മാത്രമേ യേശുവിൽ കൂടി ലഭ്യമാകുന്ന സമൃദ്ധിയായ ജീവൻ നമുക്കനുഭവിക്കുവാൻ സാധിക്കൂ. ■

*(പരിസ്ഥിതി മേഖലയിൽ ഗവേഷണങ്ങളും പഠനങ്ങളും നടത്തി വരുന്ന ഡോ. മാത്യു കോശി പുന്നയ്ക്കാട്, മാവേലിക്കര ബിഷപ് മൂർ കോളജിലെ പ്രിൻസിപ്പിലായിരുന്നു – www.drmathewkoshy.com)*

**COSMO PILGRIMAGE ഒരുക്കുന്ന**
**യൂറോപ്പ് & വിശുദ്ധനാട് തീർത്ഥാടനം**

**മാനന്തവാടി രൂപതാംഗമായ ഫാ. വിൻസെന്റ് പുതുശ്ശേരി കഴിഞ്ഞ 13 വർഷങ്ങളായി നടത്തി വരുന്ന യൂറോപ്പ് & വിശുദ്ധനാടു തീർത്ഥാടനത്തിലേയ്ക്കു സ്വാഗതം.**

1. ഇറ്റലി, ഫ്രാൻസ്, വത്തിക്കാൻ സിറ്റി, റോം, ലൂർദ്ദ്, പാദുവ, വെനീസ്, പാരീസ് സിറ്റി, പീസാ, അസ്സീസി, മിലാൻ – **2012 സെപ്തംബർ** മാസത്തിൽ.
2. ഇസ്രായേൽ, ഈജിപ്ത്, ജോർദ്ദാൻ, പലസ്തീൻ – **2012 ഒക്ടോബർ, 2013 ഏപ്രിൽ.** മാർപാപ്പയെ കാണാൻ പ്രത്യേക അവസരം.

**ഉടൻ ബന്ധപ്പെടുക:**

FR. VINCENT PUDUSSERY, ST. ANTONY'S CHURCH, PAZHOOR
WAYANAD (DT.), -673 595, MOB: 09388431601, TEL: 04936 262741
E-mail: vincentpudussery@gmail.com, www.cosmopilgrimage.com

ഉപകാരസ്മരണ
വി. യൂദാശ്ലീഹായുടെ
മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം
സാധിച്ചതിന് ഉപകാരസ്മരണ.
എസ്.ആർ. കുനത്തറ

ഉപകാരസ്മരണ
വി. യൂദാശ്ലീഹായുടെ
മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം
സാധിച്ചതിന് ഉപകാരസ്മരണ.
എസ്.ആർ. കുനത്തറ